പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 3801 | 21/06/2018 ൽ<br>മറുപടിക്ക് |

**പൊതുമേഖല സ്ഥാപനങ്ങളുടെ വികസനത്തിന് മറ്റ് വകുപ്പുകളുടെ സഹകരണം**

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ വികസനത്തിനും വളർച്ചയ്ക്കും ആവശ്യമായ രീതിയിൽ മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കികൊണ്ട് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; | എ) യും ബി) യും | വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിനു കീഴിലുള്ള ട്രാക്കോ, കെൽ, ടെൽക്ക്, യു.ഇ.ഐ.എൽ.. കെൽട്രോൺ, കെ.എസ്.ഡി.പി., സിഡ്കോ, എഫ്.ഐ.റ്റി., സെയിൽ എസ്.സി.എൽ, കെൽപാം മുതലായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളും സേവനങ്ങളും മറ്റ് വകുപ്പുകളിലും വിനിയോഗിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര പൊതുമേഖല സ്ഥാപനങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞു; | | |
| സി) | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽനിന്ന് മീറ്ററുകൾ വാങ്ങുന്നതിന് കെ.എസ്.ഇ.ബി യുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ;സ്മാർട്ട് മീറ്റർ ഉണ്ടാക്കുന്നതിനുള്ള ഓർഡർ പ്രസ്തുത മീറ്റർ കമ്പനിക്ക് ലഭിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | സി) | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് മീറ്ററുകൾ വാങ്ങുന്നതിന് കെ.എസ്.ഇ.ബി.യുമായി ധാരണ ഉണ്ടാക്കിയിട്ടില്ല. സ്മാർട്ട് മീറ്റർ ഉണ്ടാക്കുന്നതിനുള്ള ഓർഡറുകൾ മീറ്റർ കമ്പനിയ്ക്ക് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ